(ബി) ഉണ്ട്. ഐ. എം. സി. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അദ്ധ്യാപകരുടേയും നേഴ്സുമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ലബോറട്ടറി സൗകര്യങ്ങളുടേയും കിടക്കകളുടെ എണ്ണവും കുറവുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെതിരെ നടപടി

* 12 [863] ശ്രീ. എ. സുജനപാൽ:
,, കെ. അച്ചുതൻ:
,, ലൂഡി ലൂയിസ്:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദീജലക്കരാറനുസരിച്ച് ഭവാനിജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് അനുവദനീയമാണോ;

(ബി) പ്രസ്തുത കരാറിൽ ഭവാനി നദിയിലെ വെള്ളം ഉപയോഗിച്ച് വൈദ്യുത പദ്ധതികൾ നിർമ്മിക്കുന്ന കാര്യം പറഞ്ഞിട്ടുണ്ടോ;

(സി) ഭവാനി നദിയിലെ വെള്ളം ഉപയോഗിച്ച് കുന്തജല വൈദ്യുതി പദ്ധതി പ്രവർത്തിപ്പിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) അവിടെ നിന്നും എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും ഇതിനെതിരെ എന്തു നടപടിയെടുത്തുവെന്നും വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഭവാനി നദീജല കരാർ എന്നൊരു കരാറില്ല. എന്നാൽ ഭവാനി പുഴയുടെ പോഷകനദിയായ ശിരുവാണിപ്പുഴയിൽനിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂരിലും കേരളത്തിലെ അട്ടപ്പാടിയിലും ജലം നൽകുന്നതിനായി ശിരുവാണി കുടിവെള്ള പദ്ധതി കരാർ നിലവിലുണ്ട്. പ്രസ്തുത കരാർ അനുസരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് അനുവദനീയമല്ല.

(ബി) ഇല്ല.

(സി) ഭവാനിപ്പുഴയിലെ ജലം ഉപയോഗിച്ച് കുന്തജല വൈദ്യുതി പദ്ധതി പ്രവർത്തിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ കണക്കുകൾ ലഭ്യമല്ല. കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ കേരളം സമർപ്പിച്ചിട്ടുള്ള സത്യ വാങ്മൂലത്തിൽ തമിഴ്നാട് ഭവാനിപ്പുഴയിൽ നിർമ്മിച്ചിട്ടുള്ള പദ്ധതികളെ കുറിച്ചും തൻമൂലം അട്ടപ്പാടിയിലുള്ള ജലദൗർലഭ്യത്തെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്.

ചെറുകിട കച്ചവടക്കാരിൽനിന്നും ഈടാക്കിയ പിഴ

* 13 [864] ശ്രീ. സി. മമ്മൂട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കച്ചവടക്കാർ ലൈസൻസ് പുതുക്കുന്നതിൽ വരുത്തിയ കാലതാമസത്തിന് നഗരസഭകൾ ഈടാക്കിയ പിഴ 2003 ഫെബ്രുവരി മുതൽ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് ആയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് അനുസരിച്ച് പിഴയായി ഈടാക്കിയ അധിക തുക തിരിച്ചുനൽകാൻ തുടങ്ങിയോ എന്നു വ്യക്തമാക്കുമോ;

(ഡി) പല കോർപ്പറേഷനുകളിലും പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തിയിട്ടില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനും പിഴയായി ഈടാക്കിയ തുക തിരിച്ചുനൽകാനും ഇതിന് ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) വ്യാപാര ആവശ്യത്തിനുള്ള ലൈസൻസ് യഥാസമയം പുതുക്കാത്തവർ നൽകേണ്ട പിഴ തൽക്കാലം ഈടാക്കേണ്ടതില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly